"ഭരണഭാഷ-മാതൃഭാഷ"

നം ഡി.എസ്.ജെ.ഒ/കെ.എൻ.ആർ/ഡി-4042/18

ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ എഫ് ബ്ലോക്ക്, കണ്ണൂർ, 670002.
തീയതി : 10.10.2018, ഫോൺ : 0497 2712255.
ഇ-മെയിൽ : dswoknrswd@gmail.com.

ജില്ലാ സാമൂഹ്യനീതി ഓഫീസർ
കണ്ണൂർ.

ശ്രീ.തൈക്കാട് വിജയകുമാർ ,
പ്രസിഡന്റ്,
അഖില കേരള പട്ടികജാതി പട്ടിക വർഗ്ഗ ഐക്യവേദി,
സ്റ്റേറ്റ് കമ്മിറ്റി രജി.നം.T-298/2004
തൈക്കാട്.പി.ഒ
സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജില്ലാ സാമൂഹ്യനീതി ഓഫീസ്, കണ്ണൂർ -വിവരാവകാശ നിയമം-2005-മറുപടി അയക്കുന്നത് സംബന്ധിച്ച്.

സൂചന:- സാമൂഹ്യനീതി ഡയറക്ടറേറ്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 12.09.2018 തീയതിയിലെ D3-11844/18 നമ്പർ കത്ത്.

........................

അംഗപരിമിതർക്ക് അടിയന്തിരഘട്ടങ്ങളിൽ ചികിൽസാ ധനസഹായം നൽകുന്ന പദ്ധതിയായ ''പരിരക്ഷ'' പദ്ധതി മോണിറ്ററിംഗ് ചെയ്യുന്നതിനായി രൂപീകൃതമായ ജില്ലാ കമ്മിറ്റിയെ സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ താങ്കൾ പബ്ലിക് ഇൻഫർമേഷൻ ആഫീസർ, സാമൂഹ്യനീതി വകുപ്പ് ന് സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ചോദ്യം നമ്പർ 1,6,7 ഒഴികെയുള്ള ചോദ്യങ്ങൾക്ക് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി സൂചന പ്രകാരം അയച്ചുതന്നിട്ടുണ്ട്. ആയത് സംബന്ധിച്ച് ഈ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർത്ത് സമർപ്പിക്കുന്നു.

ചോദ്യം:2

ഉത്തരം: ജില്ലാ കലക്ടർ,ജില്ലാ സാമൂഹ്യനീതി ഓഫീസർ, എന്നിവർക്ക് പുറമെ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡിവൈ.എസ്.പി.ഡയൽസാ പ്രതിനിധി, എന്നിവരാണ് ഔദ്യോഗിക അംഗങ്ങൾ

ചോദ്യം:3

ഉത്തരം: പ്രസ്തുത കമ്മിറ്റിയിൽ അംഗപരിമിതരുടെ 2 സംഘടനാ പ്രതിനിധികളെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടിക ജാതി,പട്ടിക വർഗ്ഗ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം ഇല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞ കമ്മിറ്റിയിൽ അംഗമായ അംഗപരിമിതരുടെ സംഘടനാ പ്രതിനിധികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും മേൽവിലാസവും | സംഘടനയുടെ പേര് |
|---|---|---|
| 1 | ശ്രീ.ഒ.വിജയൻ,<br>സാവിത്രി നിവാസ്, ചാലപ്പൊയിൽ,<br>പി.ഒ.മുണ്ടേരി,(വഴി) ഏച്ചൂർ | ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺ വെൽഫെയർ ഫെഡറേഷൻ (DAWF) |
| 2 | ശ്രീ.കെ.വി.മോഹനൻ,<br>കച്ചേരിവളപ്പിൽഹൗസ്,<br>കുമ്പം, പി.ഒ.കൂടാളി,<br>670592 | അഖില കേരള വികലാംഗ ഫെഡറേഷൻ ( AKVF) |

ചോദ്യം: 4

ഉത്തരം: മേൽപറഞ്ഞ കമ്മിറ്റിയിൽ വനിതാ പ്രതിനിധികളായി ആരുംതന്നെയില്ല.

ചോദ്യം: 5

ഉത്തരം: മേൽപറഞ്ഞ കമ്മിറ്റിയിൽ സംസാരശേഷിയുള്ളതും ആംഗ്യഭാഷാ പരിജ്ഞാനമുള്ളതുമായ ആരുംതന്നെയില്ല.

മേൽ വിവരങ്ങൾ തൃപ്തികരമല്ലെങ്കിൽ താങ്കൾക്ക് അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാവുന്നതാണ്

<u>അപ്പലേറ്റ് അതോറിറ്റിയുടെ മേൽവിലാസം</u>

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ & അപ്പലേറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
കണ്ണൂർ.